പതിനാലാം കേരള നിയമസഭ
ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **325** **12.01.2021** – ൽ മറുപടിയ്ക്ക്

## സാമൂഹ്യനീതി വകുപ്പ് മുഖേന കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

ചോദ്യം

ശ്രീ.സി.കെ.ശശീന്ദ്രൻ

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

(എ) ഈ സർക്കാർ വന്നശേഷം കല്പറ്റ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ മുഖേന നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഇതിനായി എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ;

(ബി) ഈ സർക്കാർ വന്നശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന വിവിധ ധനസഹായ പദ്ധതികളിലൂടെ കൽപ്പറ്റ

(എ) യും (ബി) യും

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം. |
|---|---|---|---|
| 1 | പരിണയം | 5,70,000/- | 25 |
| 2 | വിദ്യാകിരണം | 5,27,550/- | 77 |
| 3 | വിദ്യാ ജ്യോതി | 72,500/- | 31 |
| 4 | മന്ദഹാസം | 1,12,000/- | 26 |
| 5 | സഹചാരി | 39,750/- | 3 |
| 6 | വയോമധുരം | 3,00,000/- | 500 |
| 7 | സ്വാശ്രയ | 2,45,000/- | 7 |
| 8 | അഭയകിരണം | 30,000/- | 5 |
| 9 | വനിതാഗൃഹനാഥ | 3,15,000/- | 41 |
| 10 | മംഗല്യ പദ്ധതി | 1,25,000/- | 5 |
| 11 | സായംപ്രഭ ഹോം | 5,60,000/- | 2 |
| 12 | മിശ്ര വിവാഹം | 2,70,000/- | 9 |
| 13 | സൈക്കോ സോഷ്യൽ റീഹാബിലിറ്റേഷൻ ഗ്രാന്റ് | 76,81,200/- | 8 സ്ഥാപനങ്ങൾ |

<table>
<tr><td></td><td>മണ്ഡലത്തിൽ എത്ര രൂപ വിനിയോഗിച്ചു. പദ്ധതി തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം തിരിച്ച് വിശദമാക്കാമോ;</td><td></td><td><table>
<tr><td>14</td><td>ഓർഫനേജ് ഗ്രാന്റ്</td><td>16,00,000/-</td><td>80 സ്ഥാപനങ്ങൾ</td></tr>
<tr><td>15</td><td>ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്</td><td>1,00,00,000/-</td><td>36 സ്ഥാപനങ്ങൾ</td></tr>
<tr><td></td><td>ആകെ</td><td>2,24,48,000/-</td><td></td></tr>
</table>
1</td></tr>
<tr><td>(സി)</td><td>വികലാംഗ ക്ഷേമ കോർപ്പറേഷൻ വഴി കല്പറ്റ മണ്ഡലത്തിൽ എത്ര രൂപയുടെ സഹായ ഉപകരണങ്ങൾ ഈ സർക്കാരിന്റെ കാലത്ത് വിതരണം ചെയ്തുവെന്ന് അറിയിക്കാമോ;</td><td>(സി)</td><td>509567/- രൂപ.</td></tr>
<tr><td>(ഡി)</td><td>ഈ സർക്കാരിന്റെ കാലത്ത് വനിതാ ശിശുവികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?</td><td>(ഡി)</td><td>വിശദവിവരം അനുബന്ധമായി ചേർക്കുന്നു.</td></tr>
</table>

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. **അതിജീവിക**

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ ചെയ്യുന്ന അടിയന്തിരഘട്ടത്തിൽ ആശ്വാസം നൽകുന്ന പദ്ധതിയാണ് അതിജീവിക. പരമാവധി 50,000/- രൂപ വരെയാണ് നൽകുന്നത്.

2. **അഭയ കിരണം**

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകൾക്ക് സംരക്ഷണം നൽകുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000/- രൂപ ധനസഹായം നൽകുന്ന പദ്ധതി.

3. **സഹായഹസ്തം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന 'സഹായഹസ്തം' പദ്ധതി പ്രകാരം 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു.

4. **പടവുകൾ**

വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി അവരുടെ വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി.

5. **വനിതകൾ ഗൃഹനാഥരായ കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി**

ഭർത്താവ് ഉപേക്ഷിക്കപ്പെട്ടവർ, ഭർത്താവ് ഗുരുതരമായി കിടപ്പിലായവർ എന്നിവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി.

6. **മംഗല്യ**

കേരളത്തിൽ വിധവകളായ സ്ത്രീകളുടെ സാമൂഹ്യ സുരക്ഷിതത്വത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതി. സാധുക്കളായ വിധവകളുടെ പുനർവിവാഹത്തിന് 25,000/- രൂപ നല്കുന്നു.

7. **ശ്രദ്ധ**

ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്ന പദ്ധതി.

8. **ബാലനിധി**

ശ്രദ്ധയും സംരക്ഷണവും കരുതലും ആവശ്യമായി വരുന്ന കുട്ടികളെ സഹായിക്കുന്ന പദ്ധതി. ബാലനിധിയിലേയ്ക്ക് സുമനസ്സുകളിൽ നിന്നും Online ആയി സംഭാവന സ്വീകരിക്കാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്.

9. **പാരന്റിംഗ് കാമ്പയിൻ**

കുട്ടികളിലെ ആക്രമവാസന, മാനസിക സംഘർഷങ്ങൾ മുതലായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ബോധവൽക്കരണം നടത്തുന്നതിന് രൂപീകരിച്ച പദ്ധതി.

10. **ഗ്രൂപ്പ് ഫോസ്റ്റർ കെയർ**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസം ലക്ഷ്യം വച്ചുകൊണ്ട് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രകാരം 2,000/- രൂപ പ്രതിമാസം നൽകി വരുന്നു.

11. **ഡി-ഇൻസ്റ്റിറ്റ്യൂഷണലൈസേഷൻ പദ്ധതി**

ചൈൽഡ് കെയർ സ്ഥാപനങ്ങളിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സ്ഥാപനേതര സംരക്ഷണം ഉറപ്പ് വരുത്തി അവർക്ക് കുടുംബ മൂല്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുന്ന പദ്ധതി.

12. **സി.സി.ഐ മോണിറ്ററിംഗ് സോഫ്റ്റ്‌വെയർ**

ശിശു സംരക്ഷണവുമായി ബന്ധപ്പെട്ട് ചൈൽഡ് വെൽഫെയർ കമ്മിറ്റി, ജുവനൈൽ ജസ്റ്റിസ് ബോർഡ്, വിവിധ ശിശു സംരക്ഷണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും വിവരങ്ങൾ യഥാസമയം ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമായുള്ള മോണിറ്ററിംഗ്പദ്ധതി

13. **വിജ്ഞാന ദീപ്തി സ്റ്റേറ്റ് സ്പോൺസർഷിപ്പ് പ്രോഗ്രാം**

ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പരിധിയിൽ വരുന്ന കുട്ടികളുടെ സ്ഥാപനേതര സംരക്ഷണം ഉറപ്പാക്കുന്നതിനും സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം പഠനം മുടങ്ങാതിരിക്കുന്നതിനുമായി പ്രതിമാസം ധനസഹായം നൽകുന്ന പദ്ധതി.

14. **കാവൽ**

നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് മനശാസ്ത്ര പരമായ പരിരക്ഷയും പിന്തുണയും നൽകുന്നതിനായി ബാംഗ്ലൂർ NIMHANS ന്റെ സഹകരണത്തോടെ

നടപ്പിലാക്കുന്ന പദ്ധതി.

15. **ശരണബാല്യം പദ്ധതി**

ബാലവേല-ബാലഭിക്ഷാടനം-തെരുവ് ബാല്യം വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതി.

16. **ഫോസ്റ്റർ കെയർ (പോറ്റി വളർത്തൽ)**

പല സാഹചര്യങ്ങൾ മാതാപിതാക്കൾക്ക് കൂടെ നിർത്തി സംരക്ഷിക്കുവാൻ കഴിയാതെ കുട്ടികൾ ശിശു സംരക്ഷണ സ്ഥാപനങ്ങളിൽ കഴിയേണ്ടി വരുന്ന കുട്ടികൾക്ക് സ്നേഹ പൂർണ്ണമായ കുടുംബാന്തരീക്ഷം നൽകുവാൻ ലക്ഷ്യമിടുന്ന പദ്ധതിയാണ്.

17. **ദത്തെടുക്കൽ**

ജന്മം നൽകിയ മാതാപിതാക്കളിൽ നിന്ന് കുഞ്ഞിനെ സ്ഥിരമായി വേർപെടുത്തുകയും ഏറ്റെടുക്കുന്ന മാതാപിതാക്കൾക്ക് നിയമപരമായ എല്ലാ അവകാശങ്ങളും, അധികാരങ്ങളും, ഉത്തരവാദിത്വങ്ങളും ലഭ്യമാക്കുന്നതുമായ നടപടിയാണ് ദത്തെടുക്കൽ.

18. **ORC പദ്ധതി**

കുട്ടികൾ അനുഭവിക്കുന്ന സ്വഭാവ വൈകാരിക പഠന മാനസികാരോഗ്യ സാമൂഹിക വെല്ലുവിളികൾ സ്കൂൾ തലത്തിൽ അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും പൊതു സമൂഹത്തിന്റെയും കൂട്ടായ്മയിൽ ശാസ്ത്രീയമായി കണ്ടെത്തി പരിഹരിക്കുന്നതിനുള്ള പദ്ധതി.

19. **ഉജ്ജ്വല ബാല്യം**

കലാ കായിക ശാസ്ത്ര സാംസ്കാരിക, സാമൂഹ്യ സാഹിത്യ രംഗങ്ങളിൽ അസാധാരണ മികവ് കാണിക്കുന്ന കുട്ടികൾക്ക് പുരസ്കാരം നൽകുന്ന പദ്ധതി.

20. **കാവൽ പ്ലസ്**

ജുവനൈൽ ജസ്റ്റീസ് ബോർഡ് മുമ്പാകെ എത്തുന്ന നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവപരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി.

**21 ആഫ്റ്റർ കെയർ പദ്ധതി**

ജെ.ജെ ആക്ട് 2015 സെക്ഷൻ 46 പ്രകാരം ഈ കുട്ടികളെ 18 വയസ്സ് പൂർത്തിയാകുമ്പോൾ സി.ഡബ്ല്യു.സി-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ

നിന്നും റിലീസ് ചെയ്യുന്നു. ഇത്തരത്തിൽ പുറത്തു പോകുന്ന കുട്ടികൾക്ക് സംരക്ഷണം നൽകുന്നു.

23. **വിമൺ ആന്റ് ചിൽഡ്രൻസ് ഹോം**

വനിത ശിശുവികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്ന പദ്ധതി.

24. **എസ്.ഒ.എസ്. മോഡൽ ഷെൽട്ടർ ഹോം**

12 വയസ്സിനു താഴെയുള്ള ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സംരക്ഷണം നൽകുന്ന പദ്ധതി.

**25. തേജോമയ ഹോം ആഫ്റ്റർ കെയർ ഹോം**

നിലവിൽ വിമൻ ആന്റ് ചിൽഡ്രൺ ഹോമിൽ താമസിച്ചുവരുന്നവരിൽ ജോലി ലഭിച്ചവർക്കും ജോലി ലഭിക്കാൻ സാധ്യതയുള്ളവർക്കും വേണ്ടിയുള്ള ഹോം.

26. **ഹോം ഫോർ മെന്റൽ ഹെൽത്ത്**

വിമൻ ആന്റ് ചിൽഡ്രൻ ഹോമിലെ നിലവിലെ താമസക്കാരിൽ മാനസിക വെല്ലുവിളി നേരിടുന്നവരും കടുത്ത മാനസിക ആഘാതം ഉള്ളവർക്കും പ്രത്യേക പരിചരണം ആവശ്യമുള്ളവർക്കുവേണ്ടിയുള്ള ഹോം.

27. **വൺ സ്റ്റോപ്പ് സെന്റർ (OSC)**

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനും അതിക്രമങ്ങൾ അതിജീവിച്ചവർക്ക് ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗണ്സിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്ന സെന്റർ.

**28. ആശ്വാസനിധി**

ലൈംഗീകാതിക്രമങ്ങൾ, ആസിഡ് ആക്രമങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതി.

29. **ലീഗൽ ഡെസ്ക്**

പോക്സോ അതിജീവിതരുടെ കേസുകൾ ശാസ്ത്രീയമായി കൈകാര്യം ചെയ്ത് നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിലേക്ക് നിർഭയ സെല്ലിനോടനുബന്ധിച്ച് ആരംഭിച്ച ലീഗൽ ഡെസ്ക്.

30. **ലൈംഗികാതിക്രമം അതിജീവിച്ച കുട്ടികളുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി**

പോക്സോ അതിജീവിതരായ കുട്ടികൾക്ക് ആവശ്യമായ സംരക്ഷണവും പിന്തുണയും നൽകി വീണ്ടും അതിക്രമങ്ങൾക്കിരയാകാതെ അവർക്കാവശ്യമായ വിദ്യാഭ്യാസ, പുനരധിവാസ പ്രവർത്തനങ്ങൾ നടത്തി സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനായി പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, പാലക്കാട് എന്നീ ജില്ലകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രോജക്ടാണിത്.

31. **ആദ്യ 1000 ദിന പരിപാടി**

സ്ത്രീകളുടെ ഗർഭധാരണവും (270 ദിവസം) മുതൽ കുട്ടിയുടെ രണ്ടാം ജന്മദിനം (730 ദിവസം) വരെയുള്ള ആയിരം ദിവസങ്ങൾ കുട്ടികളുടെ ജീവിതത്തിലെ വളരെ സങ്കീർണ്ണവും നിർണ്ണായകവുമായ കാലഘട്ടമാണ്. ഗർഭിണികളിലെ ന്യൂനപോഷണം ശിശുമരണത്തിനും അനാരോഗ്യമുള്ള കുഞ്ഞുങ്ങളുടെ ജനനത്തിനും കാരണമാകുന്നു. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് അട്ടപ്പാടിമേഖലയിലെ മാതൃശിശു ആരോഗ്യനില മെച്ചപ്പെടുത്തവാനായി തയ്യാറാക്കിയ പദ്ധതിയാണ് പ്രഥമ സഹസ്ര ദിനങ്ങൾ. പത്ത് മലയോര തീരദേശ ICDS പ്രോജക്ടുകളിലേക്ക് കൂടി വ്യാപിച്ചിട്ടുണ്ട്.

32. **കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കുള്ള പദ്ധതി (SAG)**

11 - 14 വയസ്സുവരെയുള്ള സ്കൂൾ വിദ്യാഭ്യാസം ചെയ്യുന്നില്ലാത്ത പെൺകുട്ടികളുടെ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതി.

33. **കമ്മ്യൂണിറ്റി കിച്ചൺ**

അട്ടപ്പാടി മേഖലയിലുണ്ടായ നവജാത ശിശു മരണങ്ങളുടെ പശ്ചാത്തലത്തിൽ ആരംഭിച്ച പദ്ധതി.

34. **സൈക്കോ സോഷ്യൽ സർവ്വീസ്**

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകികൊണ്ട് ആരംഭിച്ച പദ്ധതി.

35. **ICDS പരിശീലന പരിപാടി**

ICDS പരിശീലന പരിപാടി ഒരു കേന്ദ്രാവിഷ്കൃത തുടർ പദ്ധതിയാണ്. അങ്കണവാടി വർക്കർ,ഹെൽപ്പർ, സൂപ്പർവൈസർമാർ എന്നിവർക്ക് തൊഴിൽ പരിശീലനവും തൊഴിൽ പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് റിഫ്രഷർ പരിശീലനവും നൽകിവരുന്നു.

## 36. മൊബൈൽ ക്രഷ് പദ്ധതി

കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും ഉള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി.

## 37. നാഷണൽ ക്രഷ് സ്കീം

നാഷണൽ ക്രഷ് സ്കീം പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന 571 ക്രഷുകൾ കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 1/01/2017 മുതൽ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

## 38. ജാതക് ജനനി പദ്ധതി

പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്കിൽ ന്യൂനപോഷണം മൂലമുണ്ടാകുന്ന ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി വനിതശിശു വികസന വകുപ്പ് ആരംഭിച്ച പദ്ധതി.

## 39. പ്രവേശനോത്സവം

അങ്കണവാടികളിലെത്തുന്ന കുട്ടികൾക്കുള്ള സ്വീകരണവും പഠനം കഴിഞ്ഞ് പിരിഞ്ഞ് പോകുന്ന കുട്ടികൾക്കുള്ള യാത്രയയപ്പുമുൾപ്പെടെയുള്ള പരിപാടിയാണിത്.

## 40. സമ്പുഷ്ട കേരളം പദ്ധതി (നാഷണൽ ന്യൂട്രീഷ്യൻ പദ്ധതി)

സ്ത്രീകളുടെയും കുട്ടികളുടെയും പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ അംഗനവാടികളിലൂടെ നടപ്പാക്കുന്നു. പദ്ധതിയുടെ ഭാഗമായി എല്ലാ അങ്കണവാടി വർക്കർമാർക്കും ICDS -CAS ഉള്ള സ്മാർട്ട് ഫോൺ നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.